# പൗരത്വനിയമഭേദഗതി സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റണം; അക്രമം ഒന്നിനും പരിഹാരമല്ല

1914 ഒക്ടോബർ 31-ന് സ്ഥാപിക്കപ്പെട്ടതും തിരുവിതാംകൂർ കമ്പനി നിയമപ്രകാരം 1925 ജൂൺ 30-ന് രജിസ്റ്റർ ചെയ്യപ്പെട്ടതുമായ സാമൂഹ്യ-വിദ്യാഭ്യാസസംഘടനയാണ് നായർ സർവീസ് സൊസൈറ്റി. കേരളസംസ്ഥാനമാണ് ഈ സംഘടനയുടെ പ്രവർത്തനപരിധി. അതിന്റെ നിയമാവലിയിൽ പ്രധാനമായിട്ടുള്ളത് "നായന്മാരുടെ ഇടയിൽ സാന്മാർഗ്ഗികബോധവും സാമുദായികബന്ധങ്ങളും ദൃഢതരവും കാലോചിതങ്ങളും ആക്കി നിലനിർത്തുന്നതിന് നാനാഭാഗങ്ങളിലും കരയോഗങ്ങൾ സ്ഥാപിക്കുകയും ദേശീയക്ഷേമത്തെ യഥായോഗ്യം അഭിവൃദ്ധമാക്കുകയും ചെയ്യുക" എന്നുള്ളതാണ്. അതിനോടൊപ്പം വ്യക്തമാക്കിയിട്ടുള്ള മറ്റൊരു നിബന്ധനയിൽ പറയുന്നത് "ഇതരവർഗ്ഗക്കാരുടെ സാമുദായികോൽക്കർഷത്തിനുള്ള ശ്രമങ്ങളിൽ പങ്കുകൊള്ളുകയും അവരുമായുള്ള മൈത്രിയെ പാലിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക" എന്നുള്ളതാണ്.

സംഘടന രൂപംകൊണ്ട വേളയിൽ, സ്ഥാപക നേതാവായ ശ്രീ മന്നത്തുപത്മനാഭനടക്കമുള്ള 14 പേർ എടുത്ത പ്രതിജ്ഞ "ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും, അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല, ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട ന്യായമായ കരുതലോടുകൂടിയും ഞാൻ ജീവിച്ചുകൊള്ളാം." എന്നതായിരുന്നു.

സർവീസ് സൊസൈറ്റിയുടെ തുടർച്ചയായുള്ള പ്രവർത്തനം 105 വർഷം പിന്നിടുമ്പോഴും, ഓരോ വർഷവും സംഘടനാപ്രവർത്തകർ ഇതേ പ്രതിജ്ഞ തന്നെ പുതുക്കി, അതേപടി പ്രവർത്തനം തുടരുന്നു എന്നതാണ് സംഘടനയുടെ സവിശേഷത.

നായർ സർവീസ് സൊസൈറ്റിയുടെ അടിസ്ഥാനമൂല്യങ്ങളിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളത് മതേതരത്വം സംരക്ഷിക്കുക, ഈശ്വരവിശ്വാസം നിലനിർത്തുക, ജനാധിപത്യം ഉറപ്പുവരുത്തുക, സാമൂഹ്യനീതിക്കായി നിലകൊള്ളുക എന്നിവയാണ്.

സർവീസ് സൊസൈറ്റിയുടെ പ്രവർത്തനം, അതിന്റെ ഭരണഘടന അനുസരിച്ചും സംഘടന രൂപം കൊണ്ടപ്പോൾ എടുത്ത പ്രതിജ്ഞയ്ക്ക് അനുസൃതമായും അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെയും ആണ് മുന്നേറുന്നത് എന്ന കാര്യം സാമൂഹ്യചരിത്രം വിശകലനം ചെയ്താൽ വ്യക്തമാകുന്നതേയുള്ളു.

1960-ൽ സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ ശതാഭിഷേകാഘോഷത്തോടനുബന്ധിച്ച് അദ്ദേഹം റേഡിയോനിലയത്തിൽ നടത്തിയ പ്രഭാഷണത്തിലെ പ്രസക്തഭാഗം ചുവടെ ചേർത്തുകൊള്ളുന്നു - "സകലസമുദായങ്ങളും സൗഹാർദ്ദത്തോടു കൂടി പരസ്പരം സഹകരിച്ചും സഹായിച്ചും സ്നേഹിച്ചും കഴിയുന്ന കേരളമാണ് ഞാൻ സ്വപ്നം കാണുന്നത്. ആ കേരളം കർമ്മഭൂമിയായ ഭാരതത്തിന്റെ അഭിമാനഘടകമായിരിക്കും. അവിടെ മാനുഷരെല്ലാം ഒന്നുപോലെ എന്ന മഹനീയാദർശം യാഥാർത്ഥ്യമായിത്തീരും." ഇത് വ്യക്തമാക്കുന്നതും സർവീസ് സൊസൈറ്റിയുടെ ഇക്കാലമത്രയുമുള്ള പ്രവർത്തനത്തിന്റെ മാർഗ്ഗരേഖയാണ്. പൗരത്വനിയമഭേദഗതിയെ ചൊല്ലിയുള്ള വിവാദങ്ങളും സംഘർഷങ്ങളും നമ്മുടെ രാജ്യത്ത് നിലനില്ക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിലാണ് എൻ.എസ്.എസ്സിന്റെ പ്രവർത്തനങ്ങൾക്കും നിലപാടുകൾക്കും പ്രസക്തിയേറുന്നത്.

പൗരത്വനിയമഭേദഗതി ഇത് ആദ്യമായിട്ടല്ല ഉണ്ടാകുന്നത്, നിരവധി ഭേദഗതികളിൽ അവസാനമായിട്ടുള്ളതാണ് ഇത്. ഇതിനു മുമ്പ് അതൊന്നും ഇത്ര വിവാദമായിട്ടില്ല. വിവാദമാക്കിയ വിഷയങ്ങൾ ഭരണഘടനാനുസൃതമല്ലെങ്കിൽ അത് തീരുമാനിക്കേണ്ടത് പരമോന്നതനീതിപീഠമാണ്. ഈ വിഷയം ചിലർക്ക് ഭരണം ഉറപ്പിക്കുന്നതിനോ, മറ്റുള്ളവർക്ക് രാഷ്ട്രീയമുതലെടുപ്പ് നടത്തുന്നതിനോ അവസരമൊരുക്കുന്നത് രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് ഭീഷണിയായിത്തീരും. സമാധാനപരമായി പ്രതിഷേധിക്കാൻ ആർക്കും അവകാശമുണ്ട്. പക്ഷേ, അക്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് ഒന്നിനും പരിഹാരമാവില്ല, രാജ്യത്തിന് ദോഷകരമാവുകയേയുള്ളൂ.

പൗരത്വനിയമഭേദഗതി സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റേണ്ട ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണുള്ളത്. അവർ അത് നിഷ്പക്ഷമായി നിറവേറ്റിയാൽമാത്രമേ ഭരണഘടനയിൽ പറയുന്ന മതേതരത്വവും പൗരന്മാർക്ക് തുല്യനീതിയും ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളു.